# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5530 6.7.2012-ൽ മറുപടിയ്ക്ക്

**നേമത്തെ കല്ലടിച്ചുംമൂല ജഡ്ജിക്കുന്ന് ജലവിതരണ പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി | പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നേമം നിയോജകമണ്ഡലത്തിലെ തിരുവല്ലം മേഖലയിൽപ്പെടുന്ന പുഞ്ചക്കരി, പൂങ്കുളം, തിരുവല്ലം, വെള്ളാർ എന്നീ നഗരസഭാ വാർഡുകളിൽ ശുദ്ധജലവിതരണം നടത്തുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കല്ലടിച്ചുംമൂല ജഡ്ജിക്കുന്ന് ജലവിതരണ പദ്ധതി വാട്ടർ അതോറിറ്റി, ജെ.ബി.ഐ.സി., ജെൻറം, ജൈക്കാ, പൊതുമരാമത്ത് തുടങ്ങിയ ഏജൻസികളുടെ/വകുപ്പുകളുടെ പരസ്പര ശീതസമരം കാരണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നെല്ലിയോട് ജഡ്ജിക്കുന്നിൽ 25.9 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി, അതിലേക്ക് ആറ്റുകാലിൽ നിന്നുള്ള പമ്പിംഗ് മെയിൻ , പമ്പ് ഹൗസ് എന്നിവയുടെ പണികൾ 21.5.2011-ൽ പൂർത്തിയാക്കി. പമ്പിംഗ് മെയിൻ വളരെ മുമ്പ് സ്ഥാപിച്ചിട്ടുള്ളതാണ്. നെല്ലിയോട് ടാങ്കിലേക്ക് ജലം എത്തിക്കുന്നതിന് ആറ്റുകാലിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസിന്റെയും മറ്റ് അനുബന്ധ ജോലികളും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. പമ്പ് ഹൗസിലേക്ക് കെ.എസ്.ഇ.ബി ഇലക്ട്രിക് കണക്ഷൻ നല്കേണ്ടതുണ്ട്. ഇത് ലഭിക്കുന്ന മുറയ്ക്ക് ഇവിടേയ്ക്ക് പൂർണ്ണ തോതിൽ ജലം എത്തിക്കാൻ സാധിക്കും. ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജഡ്ജിക്കുന്ന് ടാങ്കിൽ നിന്നുള്ള വിതരണക്കുഴലുകളുടെ ഇന്റർ കണക്ഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പുഞ്ചക്കരി, തിരുവല്ലം, വെള്ളാർ വാർഡുകളുടെ പല ഭാഗങ്ങളിലുംകൂടി വെള്ളമെത്തിക്കുവാൻ കഴിയും. എന്നാൽ കല്ലടിച്ചാൻമൂല ടാങ്കിൽ നിന്നുള്ള വിതരണം വഴി മാത്രമേ പൂങ്കുളം |

വാർഡിലും, പുഞ്ചക്കരി തിരുവല്ലം വാർഡുകളിലെ ഉയരംകൂടിയ പ്രദേശങ്ങളിലും ജലം ലഭ്യമാക്കുവാൻ കഴിയൂ. പ്രസ്തുത ടാങ്കിന്റെ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 13.7.2012 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

വകുപ്പുകൾ തമ്മിൽ ശീത സമരമോ, ഇതുമൂലം പദ്ധതി മുടങ്ങിക്കിടക്കുന്നതായോ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിച്ച് ഈ ജല വിതരണ പദ്ധതി എന്ന് കമ്മീഷൻ ചെയ്യുമെന്നും പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

(ബി) ജഡ്ജിക്കുന്ന് ടാങ്കിൽനിന്നുള്ള ജല വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന്റെയും അനുബന്ധ ജോലികളും ജൂലായ് മാസത്തോടെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കല്ലടിച്ചംമൂല ടാങ്ക് തിരുവനന്തപുരം കോർപ്പറേഷന്റെ ഡിപ്പോസിറ്റ് വർക്കായിട്ടാണ് ചെയ്യുന്നത്. അതിനായി 75 ലക്ഷം രൂപ കോർപ്പറേഷനിൽനിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ ഷെഡ്യൂൾ റിവിഷൻ കാരണം 95 ലക്ഷം രൂപയ്ക്കാണ് സാങ്കേതിക അനുമതി ലഭിച്ചത്. ബാക്കിതുക ലഭ്യമാക്കുന്നതിന് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അതിന് മുൻപ് തന്നെ പ്രസ്തുത ടാങ്കിന്റെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 13.7.2012വരെ ദീർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ